LIBRARY ARCHIVES Kerala Legislative Assembly

യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിയെ അസഭ്യം പറഞ്ഞ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി

67 [1542] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി 17-1-2004-ൽ കൊല്ലം പി. എസ്.സി. ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ പങ്കെടുത്ത് മടങ്ങിപ്പോകാൻ വാഹനത്തിൽ കയറി ഇരുന്ന യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ഷാഹിതാ കമാലിനെ ഒരു കാരണവും കൂടാതെ അസഭ്യം പറഞ്ഞ പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ബി) ഇത് സംബന്ധിച്ച് കൊല്ലം ഡി വൈ. എസ്. പി., എം. എൻ. ജയപ്രകാശ് അന്വേഷണം നടത്തി നടപടിയെടുക്കാമെന്ന് സംഭവസ്ഥലത്തു വച്ച് ശ്രീമതി ഷാഹിതാ കമാലിനും, സഹപ്രവർത്തകർക്കും വാർത്താമാദ്ധ്യമങ്ങളുടെ സാന്നിദ്ധ്യത്തിൽ ഉറപ്പ് നൽകിയതനുസരിച്ച് എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) അസഭ്യം പറഞ്ഞ പോലീസുകാരന്റെ പേരുവിവരവും, മേൽവിലാസവും, വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പോലീസുകാരൻ നെയിംപ്ലേറ്റ് ധരിച്ചിരുന്നില്ലായെന്നുള്ളത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ഇ) ഇതിനുമുമ്പ് നടന്ന പി. എസ്. സി. ഓഫീസ് പിക്കറ്റിംഗിൽ പങ്കെടുത്ത 'ആശ്രാമം പ്രമോദ്' എന്ന കെ. എസ്. യു. വിദ്യാർത്ഥിയെ അകാരണമായി ഇതേ പോലീസ് ഉദ്യോഗസ്ഥൻ മർദ്ദിച്ചത് സംബന്ധിച്ച് എ. എസ്. ഐ.-യുടെ പേരിൽ പരാതി ലഭിച്ചിരുന്നോ?

ഉത്തരം

(എ) യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ഷാഹിതാ കമാലിനെ അസഭ്യം പറഞ്ഞതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തിവരികയാണ്. കുറ്റക്കാരനെന്നു വെളിവായാൽ ടി പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ടി പരാതിയെപ്പറ്റി കൊല്ലം ഡി വൈ. എസ്. പി. അന്വേഷണം നടത്തിവരികയാണ്.

(സി) ഷിബു, പി. സി. ക്യൂ 5154 എ. ആർ. കൊല്ലം എന്ന ഉദ്യോഗസ്ഥനെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്.

(ഡി) ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

(ഇ) അപ്രകാരം ഒരു പരാതി ലഭിച്ചിട്ടില്ല.

അബ്ദുൾ സലാം മാസ്റ്ററുടെ കൊലപാതകത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ-യെ ഏൽപ്പിക്കാൻ നടപടി

68 [1543] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീംലീഗ് നേതാവും, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അമ്പലപ്പുഴ നിയോജകമണ്ഡലം യു.ഡി.എഫ്. തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനുമായിരുന്ന അബ്ദുൾസലാം മാസ്റ്റർ 2001 ഏപ്രിൽ 30-ന് എറണാകുളം ബസ് സ്റ്റാന്റിനു സമീപംവച്ച് കൊല്ലപ്പെട്ട സംഭവത്തിന്റെ അന്വേഷണം എവിടെവരെയായി;

(ബി) പ്രസ്തുത കേസ്സിൽ ഇനിയും പ്രതികളെ കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ, അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അബ്ദുൾസലാം മാസ്റ്ററുടെ മരണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് 216/സി.ആർ/01 നമ്പർ ആയി കേസ് അന്വേഷണം നടത്തിവരുന്നു.

(ബി) ക്രൈംബ്രാഞ്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്ന സാഹചര്യത്തിൽ സി.ബി.ഐ-യെ കേസ് ഏൽപ്പിക്കേണ്ട ആവശ്യമില്ല.

പുല്ലൻപാറ ശാന്തിനഗറിലെ സിറാജുദീനെ മർദ്ദിച്ചതായി പരാതി

69 [1544] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുല്ലൻപാറ ശാന്തിനഗറിൽ സിറാജ് മൻസിലിൽ മുഹമ്മദ് ഹനീഫയുടെ മകൻ സിറാജുദീനെ തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. രാമചന്ദ്രൻനായർ അകാരണമായി അറസ്റ്റ് ചെയ്തു മർദ്ദിച്ചതു സംബന്ധിച്ച പരാതി പോലീസ് വകുപ്പിനോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നാണ് ലഭിച്ചത് എന്നറിയിക്കാമോ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(ഡി) ഇത്തരം പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് പൗരൻമാർക്ക് സംരക്ഷണം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly